©
കേരള സർക്കാർ
Government of Kerala
2025

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 14
Vol. XIV

തിരുവനന്തപുരം,
ബുധൻ
Thiruvananthapuram,
Wednesday

2025 നവംബർ 05
05th November 2025
1201 തുലാം 19
19th Thulam 1201
1947 കാർത്തികം 14
14th Karthika 1947

നമ്പർ
No.
3927

1961ലെ കേരള സർവ്വെയും അതിർത്തിയുംസംബന്ധിച്ച ആക്ടിലെ 6(1) വകുപ്പ് പ്രകാരമുള്ള പരസ്യം

റഫ്.നം.KIIFB2/D-563/22 *2025 നവംബർ 03*

കണ്ണൂർ ജില്ലയിലെ തലശ്ശേരി താലൂക്ക് ന്യൂമാഹി, തലശ്ശേരി, തിരുവങ്ങാട് വില്ലേജിൽ തീരദേശ ഹൈവേ നിർമ്മിക്കുന്നതിന് R.F.C.T.L.A.R.R. Act, 2013 പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിന് ഭരണാനുമതി ഉത്തരവായിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ സ്ഥലം ഏറ്റെടുപ്പിന്റെ ഭാഗമായി ഇതോടൊപ്പമുള്ള പട്ടികയിലെ ഭൂമി സർവ്വെ നടത്തണമെന്ന് സർക്കാർ നിർദ്ദേശിച്ചിരിക്കുന്നതിനാൽ താഴെപറയുന്ന വില്ലേജിൽ സർവ്വേ പ്രവർത്തനങ്ങൾ വേഗം തന്നെ ആരംഭിക്കുന്നതാണെന്നും സർവ്വേ നമ്പർ അതിർത്തി തിരിച്ച സർവ്വേ ചെയ്യുന്നതാന്നെന്നും 1961 ലെ കേരള സർവ്വെയും അതിർത്തിയും സംബന്ധിച്ച ആക്ടിലെ 6(1) വകുപ്പ് പ്രകാരം ഇതിനാൽ പരസ്യം ചെയ്യുന്നു.

താഴെപറയുന്ന ഭൂമിയുടെ ഉള്ളിലൊ അഥവാ അവയോട് ചേർന്നോ സ്ഥിതി ചെയ്യുന്ന രജിസ്റ്റർ ചെയ്ത ഭൂമിയിൽ അവകാശമുണ്ടെന്ന് തേർച്ച ചെയ്യുന്ന ഏതൊരാളെയും നേരിട്ടോ ഏജന്റ് മുഖേനയോ സ്ഥലത്ത് ജോലി ചെയ്യുന്ന സർവ്വെയറുടെ അടുത്ത് ഹാജരാകുന്നതിനും, അതോട് ബന്ധപ്പെട്ട വിവരങ്ങൾ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

നല്കുന്നതിനും വേണ്ടി അതത് സമയം ആവശ്യപ്പെടുമ്പോൾ ഹാജരാകുന്നതിനും വേണ്ടി ഇതിനാൽ ക്ഷണിച്ചു കൊള്ളുന്നു.

പ്രസ്തുത ആക്ടിലെ 6(2) വകുപ്പ് പ്രകാരം ഈ പരസ്യം താഴെ പറയുന്ന ഭൂമിയിൽ അവകാശം ബന്ധമുളള ഏതൊരാൾക്കും സാധുവായ നോട്ടീസായി കണക്കാക്കപ്പെടുന്നതാണ്.

പ്രസ്തുത ആക്ടിലെ 6(3) വകുപ്പ് പ്രകാരം രജിസ്റ്റർ ചെയ്ത എല്ലാ കൈവശക്കാരും

(എ) സർവ്വെ ചെയ്യുന്നതിനു വേണ്ടി നിർമ്മാർജനം ചെയ്യേണ്ട ആവശ്യം ഉണ്ടായേക്കാവുന്ന വല്ല മരങ്ങളോ, കുറ്റിക്കാടുകളോ, വേലികളോ നില്ക്കുന്ന വിളകളോ അഥവാ സാരവത്തായ മറ്റ് തടസ്സങ്ങളോ 15 ദിവസത്തിനകം മുറച്ച് കളയുകയോ നീക്കം ചെയ്യുകയോ ചെയ്ത് അതിരുകളോ മറ്റ് ലൈനുകളോ വെടിപ്പാക്കണമെന്നും.

(ബി) കൊടിപിടിക്കുന്നവരെയും, ചെയിൻമാൻമാരെയും നിയോഗിച്ച് അതാത് സമയം ആവശ്യമായേക്കാവുന്ന സമയത്തേക്കും കാലത്തേക്കും തൊഴിലാളികളെ ഏർപ്പെടുത്തണമെന്നും

(സി) അനുയോജ്യമായ സർവ്വെ അടയാളങ്ങൾ നൽകണമെന്നും മറ്റ് പ്രകാരത്തിൽ പ്രസ്തുത ആക്ടോ, അത് പ്രകാരം ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളോ അനുസരിച്ച് ആവശ്യപ്പെട്ടേക്കാവുന്ന സഹായങ്ങൾ സർവ്വെയർക്ക് നല്കണമെന്നും ഇതിനാൽ ആവശ്യപ്പെടുന്നു.

മേൽപറഞ്ഞ (എ) മുതൽ (സി) വരെയുള്ള ഖണ്ഡങ്ങൾ പ്രകാരമുള്ള ഈ അഭ്യർത്ഥനകൾഅനുസരിക്കുന്നതിൽ ആരെങ്കിലും വീഴ്ച വരുത്തുകയാണെങ്കിൽ ടി ജോലി കൂലി പണിക്കാരെ കൊണ്ട് ചെയ്യിക്കുന്നതിനും ആയതിന്റെ ചെലവ് ആക്ടിലും അത് പ്രകാരം ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിട്ടുള്ളതു പോലെ വീഴ്ച വരുത്തിയിട്ടുള്ളവരിൽ നിന്നും വസൂലാക്കുന്നതാണ്.

പട്ടിക

ജില്ല – കണ്ണൂർ		താലൂക്ക് – തലശ്ശേരി	
വില്ലേജ്	സർവ്വേ നമ്പർ		
തിരുവങ്ങാട്	വാർഡ് 1	ബ്ലോക്ക് 5	109
	വാർഡ് 1	ബ്ലോക്ക് 4	83
	വാർഡ് 12	ബ്ലോക്ക് 5	214
	വാർഡ് 12	ബ്ലോക്ക് 10	465
	വാർഡ് 12	ബ്ലോക്ക് 6	241
	വാർഡ് 14	ബ്ലോക്ക് 8	231

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

തലശ്ശേരി	ദേശം – മണയാട്		8
	വാർഡ് 1	ബ്ലോക്ക് 4	83
	വാർഡ് 1	ബ്ലോക്ക് 5	109
ന്യൂമാഹി	ദേശം – കുറിച്ചിയിൽ		43, 43/3, 43/2A3,

(ഒപ്പ്/–)
സ്പെഷ്യൽ തഹസിൽദാർ(എൽ.എ),
കിഫ്ബി.2, കണ്ണൂർ.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.11.05 05:29:56 +05:30